


# ക്രിസ്തുശിഷ്യൻ ക്രിസ്തുവാകുന്ന ശിലയിൽ ഉറപ്പിക്കപ്പെടണം

(മത്തായി 7:15 – 27(21 – 27); റോമ 6:15 – 23; ജോഷ്വാ 4:15 – 23; ഉൽപ. 5:19 – 31)

ബ്ര. എബിൻ കുറൂർ MCBS

Vol. 10, Issue: 42

കുരിശ് ഒരു പാഠപുസ്തകമാക്കിക്കൊണ്ട് പ്രാർത്ഥനയും പരിത്യാഗവും വഴി പ്രത്യേകമാംവിധം ക്രിസ്തുവിനോട് നമ്മെത്തന്നെ അനുരൂപപ്പെടുത്താനുള്ള അവസരം ഓരോ നോമ്പുകാലവും നമുക്ക് നൽകുന്നുണ്ട്. നോമ്പിന്റെ രണ്ടാമത്തെ ആഴ്ചയിലേയ്ക്ക് പ്രവേശിക്കുമ്പോൾ നമ്മുടെയൊക്കെ ജീവിതനവീകരണത്തിനുള്ള ആഹ്വാനവുമായാണ് തിരുവചനം നമ്മെ സമീപിക്കുക. ബാഹ്യമായ, ഉപരിപ്ലവമായ പ്രവൃത്തികളല്ല, ആന്തരീക സത്തയുടെ നൈർമ്മല്യമാണ് ക്രിസ്തുശിഷ്യത്വത്തിലേയ്ക്കുള്ള മാനദണ്ഡമെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ക്രിസ്തു, തന്റെ മലയിലെ പ്രസംഗത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് വ്യാജപ്രവാചകന്മാർക്കെതിരെ നൽകുന്ന താക്കീത് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നുണ്ട്. "കർത്താവേ, കർത്താവേ എന്നു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" എന്ന ക്രിസ്തുവിന്റെ ഈ പ്രബോധനം നമ്മുടെ കണ്ണുകൾ തുറപ്പിക്കേണ്ടതാണ്. അവിടുത്തെ വചനങ്ങളും പ്രബോധനങ്ങളും കേൾക്കുകയും എന്നാൽ അധരങ്ങൾ കൊണ്ടുമാത്രം അവിടുത്തെ ബഹുമാനിക്കുകയും ചെയ്യുന്ന എല്ലാവരെയും ഉദ്ദേശിച്ചാണ് ക്രിസ്തു ഈ താക്കീത് നൽകുന്നത്. ഒരുവന്റെ ജീവിതവും പ്രവൃത്തികളും തമ്മിൽ പൊരുത്തമുണ്ടാകണം. പ്രവൃത്തിപഥത്തിലേയ്ക്കു വളരുന്ന ഒരു മാനസാന്തരമാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. മാത്രമല്ല, ഈ മാനസാന്തരം പാറ പോലെ ഉറച്ചതായിരിക്കണം, ദൃഢമായിരിക്കണം എന്ന തന്റെ നയവും അവിടുന്ന് വ്യക്തമാക്കുന്നുണ്ട്. അതായത്, എന്റെ ജീവിതവും പ്രവൃത്തികളും നൈമിഷികമായ വികാരങ്ങളുടെ പ്രകടനങ്ങളായിരിക്കരുത്. മറിച്ച്, ഞാൻ ആകുന്ന ആന്തരീകമനുഷ്യന്റെ വിശുദ്ധിയുടെ പ്രകാശനങ്ങളായിരിക്കണമെന്നു സാരം.

തിരുവചനത്തിന്റെ ആദ്യഭാഗത്ത് ഈശോ പറയുന്നുണ്ട്, ഫലത്തിൽ നിന്ന് വൃക്ഷത്തെ അറിയാമെന്ന്. നല്ല വൃക്ഷം നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നു. ചീത്ത വൃക്ഷം ചീത്ത ഫലങ്ങളും. നല്ല വൃക്ഷത്തിന് ചീത്ത ഫലങ്ങളോ ചീത്ത വൃക്ഷത്തിന് നല്ല ഫലങ്ങളോ പുറപ്പെടുവിക്കുവാൻ സാധിക്കുകയില്ല. ക്രിസ്തുവിന്റെ ഈ മൊഴികളിൽ നിന്നും ഒരുവന്റെ പ്രവൃത്തികൾ സ്വഭാവത്തിന്റെ പ്രകാശനമാണെന്ന് വ്യക്തമാകുന്നുണ്ട്. ഒരാൾ എത്ര മൂടുപടം കെട്ടിയാലും സ്വഭാവമനുസരിച്ചുള്ള പ്രവൃത്തി പുറത്തുവരിക തന്നെ ചെയ്യും. നമ്മുടെ പ്രവൃത്തികളും ആന്തരീകമനോഭാവവും തമ്മിൽ നല്ല ബന്ധമുണ്ട്. ഹൃദയത്തിന്റെ ആന്തരീകനന്മയിൽ നിന്നാണ് നന്മയുടെ പ്രവൃത്തികൾ പുറപ്പെടുന്നത്. ലൂക്കാ 6:45 ഇത് വ്യക്തമാക്കുന്നു "ഹൃദയം നിറഞ്ഞുകവിയുന്നതത്രെ വായ സംസാരിക്കുന്നത്."

തിരുവചനമനുസരിച്ച് ക്രിസ്തുവിന്റെ വിധിയുടെ മാന

ദണ്ഡമായി നിൽക്കുന്നതും നമ്മുടെ പ്രവൃത്തികൾ തന്നെ. ഉൾക്കാമ്പ് പരിശോധിക്കുന്ന ക്രിസ്തുവിന്റെ മുമ്പിൽ പുറംമോടികളെല്ലാം തികച്ചും അപ്രസക്തമാണ്. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നതിലല്ല, ക്രിസ്തുവിന്റെ പ്രബോധനങ്ങൾ ജീവിതത്തിൽ പകർത്തി ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി ജീവിക്കുന്നതിലാണ് ക്രിസ്തുശിഷ്യന്റെ അനന്യത. അലക്സാണ്ട്രിയായിലെ വി. സിറിൽ പറയുന്നുണ്ട്: ''നമ്മുടെ പക്കലേയ്ക്ക് വരുന്നവൻ വ്യതിരക്തരാകേണ്ടത് അവരുടെ വസ്ത്രങ്ങൾ കൊണ്ടല്ല മറിച്ച്, അവർ വാസ്തവത്തിൽ എന്തായിരിക്കുന്നുവോ അതിനാലാണ് എന്ന് മിശിഹാ കൽപിക്കുന്നു.''

വൃക്ഷം അതിന്റെ ഫലങ്ങൾ കൊണ്ട് അറിയപ്പെടുന്നു. തന്റെ നാമത്തിൽ പ്രവചിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടും ചിലരെ അനീതി പ്രവർത്തിക്കുന്നവരായിട്ടാണ് ക്രിസ്തു ഗണിക്കുന്നത്. അവർക്ക് തന്റെ സന്നിധിയിൽ പ്രവേശനം നിഷേധിക്കുന്നുണ്ട്. ''അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽ നിന്നും അകന്നുപോകുവിൻ'' എന്ന് ശാസന നൽകുന്നുണ്ട്. അവർ ഉയർത്തിക്കാട്ടുന്ന അടയാളങ്ങൾ, എതിർസാക്ഷ്യമായി നിൽക്കുന്ന അവരുടെ ജീവിതപ്രവൃത്തികൾ അതാണ് അനീതി പ്രവർത്തിക്കുന്നവരേ... എന്ന വാക്കുകളിൽ നിന്ന് അവിടുന്ന് സാക്ഷിക്കുന്നത്. വെളിപ്പെടുത്തപ്പെട്ട ദൈവഹിതമനുസരിച്ചുള്ള ജീവിതമാണ് നീതി പ്രവർത്തിക്കൽ, അതിന്റെ അഭാവവും ലംഘനവും അനീതിയാകുന്നു.

ക്രിസ്തുവിന്റെ വചനങ്ങൾ ശ്രവിക്കുമ്പോഴും അതനുസരിച്ച് ജീവിതത്തെ രൂപപ്പെടുത്തുമ്പോഴുമാണ് ഒരുവന് ജീവിതത്തിൽ ഫലം പുറപ്പെടുവിക്കാൻ സാധിക്കുന്നത്. ഒരാളുടെ വാക്കുകളിൽ നിഴലിക്കുന്ന ആത്മാർത്ഥത, അവന്റെ പ്രവർത്തികളിൽ പ്രതിഫലിക്കുമ്പോഴാണ് അത് വചനാധിഷ്ഠിത ജീവിതമായി മാറുന്നത്. പിതാവിന്റെ ഇഷ്ടം നിറവേറ്റാനായി വന്ന യേശു, തന്റെ പ്രവൃത്തികളിലൂടെ പിതാവിന്റെ ഇഷ്ടം എന്താണെന്ന് ലോകത്തിനു വെളിപ്പെടുത്തി തന്നു. താൻ പറഞ്ഞ വചനങ്ങളെ എപ്പോഴും അവിടുന്ന് തന്റെ പ്രവർത്തികളാൽ നീതികരിച്ചു. ദരിദ്രരെ സുവിശേഷമറിയിക്കാൻ അഭിഷേകം ചെയ്തിരിക്കുന്നു എന്നുപറഞ്ഞ് തന്റെ ദൗത്യം ആരംഭിച്ച ഈശോ, ജീവിതകാലം മുഴുവൻ അപ്രകാരം പ്രവർത്തിച്ചു. നീതിമാന്മാരെ വിളക്കാനല്ല; പാപികളെ പശ്ചാത്താപത്തിലേയ്ക്ക് നയിക്കാനാണ് ഞാൻ വന്നിരിക്കുന്നത് എന്ന് പ്രഘോഷിച്ചവൻ അത് ജീവിച്ചു. ചുങ്കക്കാരും പാപികളുമായി അവിടുന്ന് സൗഹൃദത്തിലായി. അവരെ സ്നേഹിച്ചു, അവരോടൊപ്പം ഭക്ഷണത്തിനിരുന്നു. ചുങ്കക്കാരെയും പാപികളെയും സമൂഹത്തിൽ നിന്നു മാറ്റിനിർത്തപ്പെട്ടവരെയും അവിടുന്ന് ആശ്വസിപ്പിച്ചു.

ക്രിസ്തുവിന്റെ ഈ മനോഭാവമാണ് നമ്മെയും ചലിപ്പിക്കേണ്ടത്. യേശു പിതാവിൽ അടിസ്ഥാനമിട്ട് ജീവിതം നയിച്ചതുപോലെ യേശുവിനെ അടുത്തനുകരിക്കുന്ന നാമോരോരുത്തരും യേശുവിൽ അടിസ്ഥാനമിട്ട ജീവിതം നയിക്കണം. നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം ക്രിസ്തുവാണെങ്കിൽ പ്രവർത്തികളിൽ അത് തെളിയണം. എങ്കിൽ മാത്രമേ ക്രിസ്തു സൂചിപ്പിക്കുന്ന, പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനോട് ഞാനും തുല്യനാകൂ. അടിസ്ഥാനം അവനാകുന്ന പക്ഷം ജീവിതത്തിൽ നേരിടേണ്ടി വന്നേക്കാവുന്ന പ്രലോഭനങ്ങളും പ്രതിസന്ധികളും പീഢനങ്ങളും ഒരുവൻ അതിജീവിക്കും. അവനെ ഇളക്കുവാൻ ഒന്നും പര്യാപ്തമായിരിക്കുകയില്ല. കാരണം, അവൻ ഉറപ്പിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തു എന്ന ശിലയിലാണ്.

ആദ്യത്തെ വായനയിൽ ഉൽപത്തി പുസ്തകത്തിൽ നാം കേട്ടു, ഹെനോക്ക് 365 വർഷം ജീവിച്ചുവെന്ന്. സോളാർ കലണ്ടറിലെ ഒരു വർഷത്തിന്റെ ദിവസങ്ങൾക്കു തുല്യം. വളരെ പൂർണ്ണതയുള്ള ജീവിതമായിരുന്നു അതെന്ന് സൂചന. ''ഹെനോക്ക് ദൈവത്തോടൊപ്പം നടന്നു'' (ഉൽപ. 5:22) എന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ദൈവവുമായി വളരെ അടുത്ത ബന്ധത്തിൽ ജീവിച്ചുവെന്നോ, അവിടുത്തെ സന്നിധിയിൽ പ്രിയങ്കരനായി ജീവിച്ചുവെന്നോ, ദൈവസന്നിധിയിൽ നീതിമാനായി ചരിച്ചുവെന്നോ ആവണം മനസ്സിലാക്കാൻ. ദൈവത്തിൽ അടിത്തറയിട്ട ജീവിതം ധന്യമെന്നു വ്യക്തം.

ആകയാൽ പ്രിയപ്പെട്ടവരേ, വി. യാക്കോബ് ശ്ലീഹാ അനുശാസിക്കുന്നതുപോലെ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരായി തീരാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. ജീവിതത്തിൽ പരിവർത്തനം വരുത്താനുപകരിക്കാത്ത വചനശ്രവണം ഉപയോഗശൂന്യമാണ്. അത് മണൽപ്പുറത്ത് ഭവനം പണിയുന്നതിനു തുല്യമാണ്. പ്രിയ സഹോദരങ്ങളെ, അനുദിനം അർപ്പിക്കപ്പെടുന്ന ബലിയർപ്പണത്തിൽ പങ്കുവച്ചു നൽകപ്പെടുന്ന ആത്മീയഭോജനമായ വചനം നമ്മുടെ ജീവിതങ്ങളെ പരിപോഷിപ്പിക്കേണ്ടതിന്, വചനം നമ്മിൽ നൂറുമേനിയും, അറുപതുമേനിയും, മുപ്പതു മേനിയും ഫലം പുറപ്പെടുവിക്കേണ്ടതിന് നമ്മുടെ ഹൃദയനിലങ്ങളെ സജ്ജമാക്കുക കൂടിയേതീരൂ. വചനാനുസൃതം നമ്മുടെ ജീവിതങ്ങളെ പടുത്തുയർത്തേണ്ട കൃപാവരങ്ങൾ നൽകപ്പെടേണ്ടതിനായി ഈ വിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം. സർവ്വേശ്വരൻ നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.